പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2412** 12-02-2020 ൽ മറുപടിക്ക്

**പാലപ്പുറം സിൽക്ക് വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. പി. ഉണ്ണി** | | **ശ്രീ. ഇ.പി. ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| എ) | ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ വ്യവസായ സ്ഥാപനമായ പാലപ്പുറം സിൽക്കിന്റെ വികസനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം യൂണിറ്റിന്റെ വികസനത്തിനായി സ്പെക്ട്രോമീറ്റർ സ്ഥാപിക്കുന്നതിനും, മെറ്റലർജി ലാബിന്റെ നിർമ്മാണത്തിനും മറ്റും അനുബന്ധ പ്രവർത്തനങ്ങൾക്കായും 2017-18 വർഷത്തെ ബഡ്ജറ്റിൽ 270 ലക്ഷം രൂപ വകയിരുത്തുകയും ഈ ബഡ്ജറ്റ് തുകയിൽ നിന്ന് 62 ലക്ഷം രൂപ 2018-19 കാലയളവിൽ അനുവദിച്ചു തരുകയും ചെയ്തു. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലപ്പുറം സിൽക്കിന്റെ വികസനത്തിനും നവീകരണത്തിനുമായി എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കാമോ; 1-06-2016 മുതൽ 31-12-2019 വരെയുള്ള കണക്ക് വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ? | ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിൽക്ക്, ഫൗണ്ടറി യൂണിറ്റ് ഒറ്റപ്പാലത്തിന്റെ വികസനത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ വാർഷികാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.<br>01-06-2016 - 31-03-2017 - തുക അനുവദിച്ചിട്ടില്ല<br>01-04-2017 - 31-03-2018 - തുക അനുവദിച്ചിട്ടില്ല<br>01-04-2018 - 31-03-2019 - 62 ലക്ഷം രൂപ അനുവദിച്ചു<br>01-04-2019 - 31-12-2019 - തുക അനുവദിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ

62